(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി നബാർഡിന്റെ സഹായം ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ഈ വർഷം തന്നെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 1064 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും നബാർഡിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

(സി) നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണം ആരംഭിക്കുവാനുള്ള തുടർ നടപടികളും കൈക്കൊള്ളുന്നതാണ്.

തലശ്ശേരി സെയ്ത്താർ പള്ളി-ചൊക്ലി-മേനപ്ര.-പെരിങ്ങത്തൂർ റോഡ്

25 [2323] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി സെയ്ത്താർ-പള്ളി-ചൊക്ലി-മേനപ്ര.-പെരിങ്ങത്തൂർ റോഡ് ഗതാഗതത്തിന് സുഗമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വീതി കൂട്ടി പുനരുദ്ധാരണം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) തലശ്ശേരി സെയ്ത്താർ പള്ളി-ചൊക്ലി-മേനപ്ര.-പെരിങ്ങത്തൂർ റോഡ് ഗതാഗതയോഗ്യമാണ്.

(ബി) പ്രസ്തുത റോഡ് വീതി കൂട്ടി പുനരുദ്ധാരണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നടപടിയെടുത്തുവരുന്നു.

വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി തീരദേശ റോഡ്

26 [2324] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി തീരദേശ റോഡ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിക്കപ്പെട്ട പ്രോജക്ട് റിപ്പോർട്ടിൻമേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) കൊച്ചിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റിട്ടയേർഡ് ചീഫ് സെക്രട്ടറി ഡോ. ബാബു ജേക്കബ് ചെയർമാനായുള്ള സമിതി ഈ റോഡ് നിർമ്മാണത്തിനുള്ള ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly